പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6346.** **20.11.2019 ൽ മറുപടിയ്ക്ക്**

## വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലഹരി മുക്തമാക്കുവാൻ ലക്ഷ്യമിട്ട് രൂപീകരിച്ച വിമുക്തി പദ്ധതി വെള്ളാനയായി മാറുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അടുത്ത വർഷം ജനുവരി 30 വരെ നീളുന്ന എന്തെങ്കിലും പ്രത്യേക പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. വിമുക്തി മിഷന്റെ ഭാഗമായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 90 ദിവസ തീവ്ര ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നവംബർ 1-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (സി) | മദ്യാസക്തരെ കണ്ടെത്തി അവരെ അതിൽ നിന്നും മോചിപ്പിക്കുവാനുള്ള എന്ത് പദ്ധതിയാണ് ഇതിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്;വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്താകെ വിമുക്തി മിഷനു കീഴിൽ 14 ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളോട് ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശാക്തീകരണത്തിനുമായുള്ള പദ്ധതികൾ "നാളത്തെ കേരളം ലഹരിമുക്ത നവ കേരളം" എന്ന പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്കിലും ആശുപത്രികൾ കണ്ടെത്തി ആരോഗ്യ വകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സബ്-സെന്ററുകൾ രൂപീകരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തപ്പെടുന്നവർക്ക് ഉടനടി കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി ബിരുദക്കാർക്ക് ഇന്റേൺഷിപ്പ് സൗകര്യം ഏർപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ബിവറേജസ് കോർപ്പറേഷന്റെ 2018-19 ലെ വിറ്റ് വരവ് എത്രയാണ്; 2014-15 നെ അപേക്ഷിച്ച് ഇതിൽ എന്ത് വർദ്ധനയാണ് വന്നിട്ടുള്ളത്; അറിയിക്കാമോ; | (ഡി) | 2018-19 സാമ്പത്തിക വർഷത്തെ ബിവറേജസ് കോർപ്പറേഷന്റെ വിറ്റ് വരവ് 14508 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 10013 കോടി രൂപയുമാണ്. 2014-15 വർഷത്തെ അപേക്ഷിച്ച് 2018-19 ൽ 4495 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഇ) | മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുന്നതിന് പകരം പുതിയ ബാറുകൾക്ക് വർഷം തോറും ലൈസൻസ് നൽകുകയും അതു വഴി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നടപടി വിമുക്തി പദ്ധതിയുടെ പരാജയത്തിന് കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | | മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം ഉപഭോഗം കുറയില്ലായെന്നും അതേ സമയം ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമേ ഉപഭോഗം കുറയുകയുള്ളൂവെന്നും, ആവശ്യകത നിലനിൽക്കുന്നിടത്തോളം അധികൃത മദ്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനധികൃത മദ്യത്തിന്റെ വ്യാപനത്തിന് ഇടവരികയും അതുവഴി മദ്യദുരന്തം ഉൾപ്പെടെയുള്ള വിപത്തുകൾ ഉണ്ടാകാനിടയാകുകയും ചെയ്യും എന്ന വസ്തുത പരിഗണിച്ചാണ് സർക്കാർ പുതിയ മദ്യനയം രൂപീകരിച്ചിട്ടുള്ളത്. മദ്യ നിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയം. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പാക്കി, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആവശ്യകത നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. മദ്യാസക്തിയും, നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യ വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സംഘടിപ്പിച്ചു വരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉറപ്പാക്കി സമ്പൂർണ്ണ ലഹരി മുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനായുള്ള മദ്യനയമാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളിലും, യുവാക്കളിലും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെയുള്ള ആശയങ്ങൾ പകർന്നു നൽകുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ വഴി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. വിമുക്തി പദ്ധതി വിജയകരമായി മുന്നോട്ട് പോവുകയാണ്. |

സെക്ഷൻ ഓഫീസർ